(ബി) 5 വർഷമായി ശമ്പളമില്ലാതെ ജോലി ചെയ്യുന്ന പ്രസ്തുത അദ്ധ്യാപകർക്ക് ശമ്പളം നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ഷിഫ്റ്റ് സമ്പ്രദായത്തിൽ നിർത്തലാക്കിയ തസ്തികകളിൽ നിയമിക്കപ്പെടുകയും അംഗീകാരവും ശമ്പളവുമില്ലാതെ ജോലി ചെയ്തു വരുന്നതുമായ അദ്ധ്യാപകരുടെ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത അദ്ധ്യാപകരുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

എച്ച്.എസ്.എസ്.ടി. മലയാളം ആയി പ്രൊമോഷൻ

84 (7051) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു.പി/എച്ച്.എസ്.എ. വിഭാഗങ്ങളിൽനിന്ന് എത്ര ശതമാനം അദ്ധ്യാപകർക്കാണ് എച്ച്.എസ്.എസ്.ടി. മലയാളം ആയി പ്രൊമോഷൻ നൽകുന്നതെന്ന് വെളിപ്പെടുത്താമോ ;

(ബി) എത്ര അദ്ധ്യാപകർക്ക് 2012-നുശേഷം ഇപ്രകാരം പ്രൊമോഷൻ നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഹയർ സെക്കന്ററി സ്പെഷ്യൽ റൂൾസ് പ്രകാരം യോഗ്യരായ എച്ച്.എസ്.എസ.ടി (ജൂനിയർ)അദ്ധ്യാപകരെയാണ് സ്ഥാനക്കയറ്റം നൽകി എച്ച്.എസ്.എസ്.ടി ആയി നിയമിക്കുന്നത്. അവരുടെ അഭാവത്തിൽ ആകെ ഒഴിവുകളുടെ 25 % യോഗ്യരായ ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരുടെ (എച്ച്.എസ്.എ/എൽ.പി.എസ്.എ/യു.പിഎസ്.എ) തസ്തികമാറ്റ നിയമനം വഴിയും 75% നേരിട്ടുള്ള നിയമനം വഴിയും നികത്തുന്നു. എച്ച്.എസ്.എസ്.ടി (ജൂനിയർ) തസ്തികയിലെ ആകെ ഒഴിവുകളുടെ 25% ഡിപ്പാർട്ടുമെന്റൽ അദ്ധ്യാപകരിൽ നിന്നും 75% പി.എസ്.സി വഴിയും നിയമനം നടത്തുന്നു.

(ബി) 35 അദ്ധ്യാപകർക്ക്.

സീനിയോറിറ്റി മറികടന്ന് ഡി.ഡി.ഇ. ഓഫീസുകളിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് നിയമനം

85 (7052)ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീനിയോറിറ്റി മറികടന്ന് ഡി.ഡി.ഇ. ഓഫീസുകളിലെ അഡ്മിനി സ്ട്രേറ്റീവ് അസിസ്റ്റന്റായി ആർക്കെങ്കിലും നിയമനം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇപ്രകാരം നിയമനം നൽകിയിട്ടുള്ളത് ; വിശദാംശം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly